IT

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 181 17.06.2014-ൽ മറുപടിയ്ക്ക്

## ആദിവാസി മേഖലയിലെ ശിശുമരണങ്ങൾ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. ജയിംസ് മാത്യു<br>ശ്രീ. എസ്.രാജേന്ദ്രൻ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമ - യുവജനകാര്യ മ്യൂസിയം മൃഗശാല വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആദിവാസിമേഖലയിൽ ഇപ്പോഴും ശിശുമരണങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിൽ ഇപ്പോൾ പോഷകാഹാരക്കുറവു മൂലം ശിശുമരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ശിശു മരണങ്ങൾ തടയുന്നതിന് ആദിവാസി മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഒടുവിലത്തെ അവലോകന വിവരങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 25.04.2013, 22.5.2013, 5.8.2013, 20.12.2013 തീയതികളിൽ സംസ്ഥാനതല ഉദ്യോഗസ്ഥരുടെ അവലോകനയോഗം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവിഷ്കരിച്ച പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 6.6.2013ന് ബഹു. മുഖ്യമന്ത്രിയും. പട്ടികവർഗ്ഗ യുവജന കാര്യ വകുപ്പു മന്ത്രിയും, ഗ്രാമവികസന വകുപ്പു മന്ത്രിയും, തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയും, കേന്ദ്ര ഗ്രാമവികസന വകുപ്പു മന്ത്രിയും അട്ടപ്പാടി സന്ദർശിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി.<br>സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ യുവജന കാര്യ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉപാദ്ധ്യക്ഷനായുമുള്ള സമിതി 8.10.2013, 19.02.2014, 13.06.2014 തീയതികളിൽ |

| | | | |
|---|---|---|---|
| | | | യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗ നിർദ്ദേശം സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകി വരികയും ചെയ്യുന്നു.<br>ഇതിനു പുറമേ, അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ശ്രീ. എസ്. സുബ്ബയ്യ, ഐ.എ.എസ് (റിട്ട.) യുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൃത്യമായി അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി തുടർ പ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. |
| (സി) | ശിശു മരണങ്ങൾ തടയുന്നതിനും രോഗപ്രതിരോധം സാധ്യമാക്കുന്നതിനും ഈ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ലെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ? | (സി) | അട്ടപ്പാടിയിൽ ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിന് തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്ഥിതിഗതി നിയന്ത്രണ വിധേയമാക്കുന്നതിനും രോഗപ്രതിരോധം സാധ്യമാക്കുന്നതിനും ആരോഗ്യവകുപ്പ്, ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം, സാമൂഹ്യനീതി വകുപ്പ്, ഗ്രാമവികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ ക്രിയാത്മകമായി ഇടപെടുകയും മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ